ഈ പ്രദേശത്തേക്ക് ലഭ്യമാക്കണം. അതോടൊപ്പംതന്നെ അപകടത്തിൽപ്പെടുന്ന വാഹനങ്ങളിൽ കുടുങ്ങിക്കിടക്കുന്ന യാത്രക്കാരെ രക്ഷിക്കുന്നതിനുവേണ്ടി യഥാസമയം ഉപയോഗിക്കുന്നതിനാവശ്യമായിട്ടുള്ള ഗ്യാസ് കട്ടർ തുടങ്ങിയ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ബഹുമാനപ്പെട്ട രാജാജി മാത്യു തോമസ് പ്രതിനിധീകരിക്കുന്ന പുനലൂർ നിയോജക മണ്ഡലം കൂടുതൽ ഭാഗവും ഹൈവേ ആയതിനാൽ ഭാരമേറിയ വാഹനങ്ങൾ പോകുന്ന തിരക്ക് മാത്രമല്ല പല സന്ദർഭങ്ങളിലും ഒട്ടേറെ അപകടങ്ങൾ ഉണ്ടായിട്ടുള്ള സ്ഥലവുമാണ്. അടുത്ത കാലത്ത് ഭാരമുള്ള ഒരു വാഹനം മാറ്റിയെടുക്കാൻ പറ്റാത്ത രീതിയിലുള്ള അപകടം ഉണ്ടായി. ഇത് കാണിച്ചുകൊണ്ട് എംഎൽഎ-യുടെ കത്ത് ലഭിച്ചിരുന്നു. അതുകൂടാതെ ജില്ലാ കളക്ടറുടെ റിപ്പോർട്ടും കിട്ടിയിട്ടുണ്ട്. ഇത്തരം അപകടങ്ങൾ ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന സാഹചര്യം കണക്കിലെടുത്തു കൊണ്ട് 40 ടൺ ഭാരം വരെ ഉൾക്കൊള്ളുന്ന ചരക്ക് വാഹനങ്ങൾ അപകടത്തിൽപ്പെട്ടാൽ അത് ഉയർത്താൻ കഴിയുന്ന കപ്പാസിറ്റിയുള്ള ക്രെയിനിന്റെ സേവനം വേണം എന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ അപകട സാദ്ധ്യതയുള്ള പ്രദേശത്ത് കൂടുതൽ ശ്രദ്ധ കൊടുത്തുകൊണ്ട് തൃശ്ശൂർ, കോഴിക്കോട്, കൊല്ലം, ഇടുക്കി എന്നീ നാല് മേഖലകളാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഒരു ക്രെയിനിന് വേണ്ടിവരുന്ന വില കണക്കാക്കിയാൽ 45 ലക്ഷം രൂപവരെ വരും. അതുപ്രകാരം നാല് ക്രെയിനുകൾ വാങ്ങുന്നതിന് ഒരു കോടി എൺപത് ലക്ഷം രൂപ അനുവദിച്ചുത്തരവായിട്ടുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റ്, ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ടുമെന്റ് ജില്ലാ കളക്ടർ, പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ അതിന്റെ മേൽനോട്ടക്കാരായിരിക്കും. മറ്റ് സ്ഥലത്ത് കൂടി ആവശ്യം വന്നാൽ ഈ ക്രെയിനുകൾ ഉപയോഗിക്കാൻ കഴിയുന്ന രീതിയിലാണ് കാര്യങ്ങൾ വിശേഷന ചെയ്തിട്ടുള്ളത്. ശ്രീ. രാജാജി മാത്യു തോമസ് പറഞ്ഞ പ്രദേശത്തിന് ഉപകരിക്കുന്ന രീതിയിൽ എത്രയും പെട്ടെന്ന് ക്രെയിൻ വാങ്ങുന്നതിനുള്ള നിർദ്ദേശം തൃശ്ശൂർ ജില്ലാ കളക്ടർക്ക് കൊടുത്തിട്ടുണ്ട്.

16. അഷ്ടമിച്ചിറ-മാരക്കാട്-കുന്നത്തേരി റോഡിന്റെ പുനരുദ്ധാരണം

ശ്രീ. എ. കെ. ചന്ദ്രൻ: സർ, മാള നിയോജകമണ്ഡലത്തിലെ അഷ്ടമിച്ചിറ-മാരേക്കാട്-കുന്നത്തേരി റോഡ് വർഷങ്ങളായി മെയിന്റനൻസ് നടത്താത്തിന്റെ ഫലമായി വാഹന ഗതാഗതത്തിന് മാത്രമല്ല ജനങ്ങൾക്ക് നടക്കാൻപോലും കഴിയാത്തവിധം തകർന്ന് കിടക്കുകയാണ്. അഷ്ടമിച്ചിറയിൽ നിന്ന് കൊടകര-കൊടുങ്ങല്ലൂർ സംസ്ഥാന ഹൈവേ വഴി പുത്തൻചിറയിലേക്ക് വളരെ എളുപ്പം എത്താവുന്നതും മാള-പുത്തൻചിറ ഗ്രാമപ്പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുമായ ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ച് 2000-ൽ നബാർഡിൽ നിന്ന് 1,70,00,000 രൂപ അനുവദിച്ചിരുന്നു. എന്നാൽ അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാകുന്നതിനനുസരിച്ച് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാൽ നബാർഡ് അതിൽനിന്ന് പിൻമാറി. പിന്നീട് റോഡിന്റെ പുനരുദ്ധാരണ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്താൻ കഴിഞ്ഞില്ല. ഈ റോഡിന്റെ ഇപ്പോഴത്തെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ജനങ്ങളുടെ ദുരിതം അവസാനിപ്പിക്കുന്നതിനും അടിയന്തര നടപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും മാരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, ഇത് കുറച്ച് പഴക്കമുള്ള ഒരു റോഡ് നിർമ്മാണമാണ്. മാള മണ്ഡലത്തിലെ അഷ്ടമിച്ചിറ-മാരേക്കാട്-കുന്നത്തേരി റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിന്റെ എസ്റ്റിമേറ്റ് 25-11-2010-ന് കൂടിയ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനിംഗ് കമ്മിറ്റിയിൽ പരിഗണിച്ചുവെങ്കിലും പ്രവൃത്തിക്കുള്ള പ്രൊവിഷൻ 2010-11 ബഡ്ജറ്റിൽ ഇല്ലാതിരുന്നതിനാൽ ശിപാർശ ചെയ്യാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് പുനരുദ്ധാരണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

18. അടയ്ക്കാകർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാർഷിക ഉൽപാദന ചെലവിന്റെ അമിതമായ വർദ്ധനവും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതിന്റെയും ഫലമായി സംസ്ഥാനത്തെ കർഷകർ പൊതുവേയും കാസർഗോഡ് ജില്ലയിലെ കർഷകർ പ്രത്യേകിച്ചും വലിയ സാമ്പത്തിക ബുദ്ധിമുട്ടിലാണ്. കാസർഗോഡ് ജില്ലയിലെ പ്രധാന കാർഷിക ഉൽപന്നം അടയ്ക്കയാണ്. അടയ്ക്കയുടെ വിലത്തകർച്ചയും ഉൽപാദനക്കുറവുമൂലവും അടയ്ക്കാ കർഷകർ വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. കർഷകർ വാങ്ങിയ കടം തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്. ബാങ്കുകൾ റിക്കവറി നടപടി ശക്തിപ്പെടുത്തുകയും ജപ്തി-ലേല നടപടികളുമായി മുന്നോട്ട് പോകുകയുമാണ്. നിരവധി കുടുംബങ്ങളെ ജപ്തി-ലേല നടപടികൾ ബാധിച്ചിട്ടുണ്ട്. ഭൂമി ലേലത്തിൽ വച്ച് ഇപ്പോഴും ജപ്തി തുടരുകയാണ്. കാസർഗോഡ് ജില്ലയുടേയും പ്രത്യേകിച്ച് അടയ്ക്കാ കർഷകരുടെയും സ്ഥിതി കണക്കിലെടുത്ത് ജപ്തി ലേല നടപടികൾ നിർത്തിവയ്ക്കുകയും കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ പ്രിന്റ് ചെയ്തുവന്നത് അടയ്ക്കാ കൃഷിക്കാരുടെ സാമ്പത്തിക ബുദ്ധിമുട്ടെന്നാണ്. അതല്ല ഉദ്ദേശിക്കുന്നത്. പ്രധാനമായും അവിടെ നടത്തിക്കൊണ്ടിരിക്കുന്ന ജപ്തി-ലേല നടപടികൾ നിർത്തിവച്ച് കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നത്.

കൃഷി വകുപ്പുമന്ത്രിവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സംസ്ഥാനത്ത് അടയ്ക്കാ കർഷകർക്ക് ഉണർവ്വേകുന്ന പത്ത് കോടി രൂപയുടെ അടയ്ക്കാ പാക്കേജ് പദ്ധതിയാണ് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചത്. നടപ്പു സാമ്പത്തിക വർഷം അടയ്ക്കാ പാക്കേജ് പദ്ധതിയുടെ ആദ്യ ഘട്ടം

LIBRARY ARCHIVES Kerala Legislative Assembly